# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
ന്യൂഡൽഹി

## ബിജെപി ദേശീയ വക്താവും എംപിയുമായ ശ്രീ. പ്രകാശ് ജാവദേക്കർ 2013 ജനുവരി 17ന് പുറപ്പെടുവിക്കുന്ന പ്രസ്താവന

തുടർച്ചയായ വിലക്കയറ്റത്തിനടിയിൽപെട്ട് സാധാരണക്കാർ ഉഴലുന്നത് തുടരുമ്പോൾ സർക്കാർ അവർക്ക് ആശ്വാസം പകരുകയാണ് വേണ്ടത്. എന്നാൽ ജനങ്ങളിൽ കൂടുതൽ ഭാരം ഏൽപ്പിച്ചുകൊണ്ട് റയിൽ മുതൽ ഇന്ധനം വരെയുള്ളവയ്ക്ക് വിലകൂടുകയാണ് സർക്കാർ ചെയ്യുന്നത്. എണ്ണക്കമ്പനികൾക്ക് അടിക്കടി വില പുനർനിർണ്ണയിക്കാനവകാശം നൽകിക്കൊണ്ട് ഡീസൽ വില വർധിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട തീരുമാനത്തെ ബിജെപി ശക്തമായി അപലപിക്കുന്നു. ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ ഒളിച്ചോടുകയാണ്. ഡീസലിന് പ ത്തുരൂപവരെ വിലവർധിപ്പിക്കാനാണു സർക്കാർ തീരുമാനമെന്ന് ബിജെപി കുറ്റപ്പെടുത്തുന്നു.

യുപിഎ പ്രകടനപത്രികയിലും രാഷ്ട്രപതി പ്രസംഗത്തിലും വാഗ്ദാനം ചെയ്തതുപോലെ സർക്കാർ ഇതുവരെ ഹൈഡ്രോകാർബൺ വിലനിർണയനയം പ്രഖ്യാപിച്ചിട്ടില്ല. പെട്രോളിയം വകുപ്പു മന്ത്രിയെ നാലുതവണ മാറ്റി. 15 തവണ വിലയും മാറ്റി. ഈ നയമില്ലായ്മകൾ വലിയ സാമ്പത്തിക നഷ്ടമാണ് വരുത്തുന്നത്.

ഡീസൽ വിലവർധന എല്ലാ വസ്തുക്കൾക്കും വിലകൂട്ടും. യാത്രാനിരക്കും ചരക്കുകൂലിയും കൂട്ടും. ജലസേചനം, കാർഷികോപകരണങ്ങൾ എന്നിവക്കും ചെലവു കൂട്ടും. പെട്രോളിയം ഉല്പന്നങ്ങൾക്ക് ഇൻഡ്യയിൽ വലിയ നികുതിയാണിപ്പോൾ. ഈ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ രണ്ടു ലക്ഷം കോടി രൂപയാണ് ഈ ഇനത്തിൽ സമാഹരിക്കുക. എണ്ണക്കമ്പനി കളുടെ പിടിപ്പുകേടുകൾക്ക് സർക്കാർ അന്താരാഷ്ട്രവിലയിൽ എണ്ണവിറ്റും അധികനികുതി ചുമത്തിയും ഉപഭോക്താക്കളെ പിഴിയുവാനാണു ലക്ഷ്യമിടുന്നത്.

പാചകാവതകസിലിണ്ടർ എണ്ണം ആറിൽ നിന്ന് ഒമ്പതാക്കാനുള്ള തീരുമാനം തട്ടിപ്പാണ്. വീട്ടാവശ്യത്തിന് കഴിഞ്ഞ 60 വർഷമായി ഉപഭോക്താക്കൾ നിയന്ത്രണമില്ലാതെ പാചകവാതകം കിട്ടിയിരുന്നു. അത് ആറാക്കിചുരുക്കി പിന്നെ ഒമ്പതാക്കുന്നതിൽ ഒരർത്ഥവുമില്ല. ആവശ്യാനു സരണം ഗ്യാസ് സിലിണ്ടർ നൽകുന്ന പഴയ സംവിധാനം സർക്കാർ അടിയന്തിരമായി പുന സ്ഥാപിക്കണം.

**(ഒ. പി. കോഹ്‌ലി)**
ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്